# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 4742 23.07.2015- ൽ മറുപടിക്ക്**

## അളവക്കൽ സ്മാരക വീവേഴ്സ് സൊസൈറ്റിയുടെ സ്ഥലം കൈമാറ്റം

| ചോദ്യം<br>ശ്രീമതി.കെ.കെ.ലതിക | ഉത്തരം<br>ശ്രീ.പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കോഴിക്കോട് ജില്ലയിലെ ചോറോട് പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന അളവക്കൽ സ്മാരക വീവേഴ്സ് സൊസൈറ്റിയുടെ കെട്ടിടവും സ്ഥലവും ചോറോട് ഗ്രാമ പഞ്ചായത്തിന് കൈമാറുന്നതിന് അനുമതി ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രൊപ്പോസലിന്മേൽ വ്യവസായവകുപ്പ് തീരുമാനം എടുത്തിട്ടുണ്ടോ ; | (എ) ഇല്ല. |
| (ബി) പ്രവർത്തനം നിലച്ച് ലിക്വിഡേറ്റ് ചെയ്ത പ്രസ്തുത വീവേഴ്സ് സൊസൈറ്റിയുടെ കെട്ടിടത്തിന്റെയും സ്ഥലത്തിന്റെയും വാല്യുവേഷൻ എടുത്തിട്ടുണ്ടായിരുന്നുവോ; എങ്കിൽ ഗ്രാമ പഞ്ചായത്തിന് സ്ഥലവും കെട്ടിടവും കൈമാറുന്നതിൽ കാലവിളംബരം നേരിടുന്നതിനുള്ള കാരണം വെളിപ്പെടുത്താമോ ; | (ബി) അളവക്കൽ സ്മാരക വീവേഴ്സ് സൊസൈറ്റിയുടെ സ്ഥലത്തിന്റെ വില പുനർനിർണ്ണയം നടത്തി ലഭ്യമായിട്ടില്ല. ലിക്വിഡേഷനിലിരിക്കുന്ന സംഘമായതിനാൽ നടപടികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നു. |

| | |
|---|---|
| (സി) സ്ഥലം കൈമാറുന്നതിന് വ്യവസായ വകുപ്പുമായുള്ള ധാരണയനുസരിച്ച് പഞ്ചായത്ത് അതിന്റെ പദ്ധതിയിൽ തുക വകയിരുത്തിയിരിക്കെ, സർക്കാർ അനുമതി താമസിക്കുന്നതുമൂലം പഞ്ചായത്ത് ഫണ്ടിന്റെ വിനിയോഗത്തിനും സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത അവസ്ഥയ്ക്കും പരിഹാരം നീണ്ടുപോകുകയാണെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ അനുമതി നൽകുമോ? | (സി) സംഘത്തിന് സർക്കാരിലേക്ക് ബാദ്ധ്യതകൾ നിലനിൽക്കുന്നുണ്ട്. കേരള സംസ്ഥാന സഹകരണ ആക്ട് 1969 പ്രകാരം പ്രസ്തുത ബാദ്ധ്യതകൾ ഒഴിവാക്കിയാൽ മാത്രമേ ആസ്തികൾ കൈമാറാൻ കഴിയുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**